## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1776

14.7.2016 -ൽ മറുപടിക്ക്

### വെള്ളിനേഴി കലാഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ ശശി | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ സർക്കാർ അംഗീകൃത വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും ഇതിനായി ടൂറിസം വകുപ്പ് എത്ര തുക വകയിരുത്തി എന്നും എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക വകയിരുത്തി എന്നും ഈ തുകകളിൽ നിന്ന് കലാഗ്രാമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക എത്ര എന്നും വ്യക്തമാക്കാമോ; | എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ സർക്കാർ അംഗീകൃത വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1 കോടി രൂപ ടൂറിസം വകുപ്പും 1 കോടി രൂപ എംഎൽഎ ഫണ്ടിൽ നിന്നുമാണ് കണക്കാക്കുന്നത്. ടൂറിസം വകുപ്പിന്റെ ആദ്യ ഗഡുവായി 50 ലക്ഷം രൂപ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് (ഡി.റ്റി.പി.സി) കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിനായി നാളിതുവരെ 58,09,045/-രൂപ (അൻപത്തി എട്ട് ലക്ഷത്തി ഒൻപതിനായിരത്തി നാല്പത്തി അഞ്ച് രൂപ) ചെലവഴിച്ചു. |
| (ബി) വെള്ളിനേഴി കലാഗ്രാമത്തിന്റെ 85 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള തുടർ പ്രവർത്തനങ്ങൾക്കായി ടൂറിസം വകുപ്പ് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിക്കുന്നതാണ്. |
| (സി) ഷൊർണ്ണൂർ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു | സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ സർക്കാർ അംഗീകൃത വെള്ളിനേഴി |

| | |
|---|---|
| കോടി രൂപ സംബന്ധിച്ച ടൂറിസം വകുപ്പിന്റെ 1702/C2/2015 നമ്പർ ഫയലിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും പ്രസ്തുത തുക അനുവദിക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ; | കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത്. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് മറ്റു ഫണ്ടുകളോടു കൂടി ചേർത്ത് പദ്ധതി നടപ്പിലാക്കുന്നത് അനുവദനീയമല്ലാത്തതിനാൽ എം.എൽ.എ ഫണ്ട് ഉപയോഗപ്രദമാക്കുന്നതിന് വേണ്ടി പ്രത്യേക കംപോണന്റ്സ് തിരിച്ചു നൽകേണ്ടതായിട്ടുണ്ട്. ഇക്കാരണത്താലാണ് ആസ്തി വികസന ഫണ്ടിൽ അനുവദിച്ച ഒരു കോടി രൂപ അനുവദിച്ച് നൽകാൻ സാധിക്കാതെ വന്നത്. ഇത് സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത കലാഗ്രാമവുമായി ബന്ധപ്പെട്ട പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാനാണ് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | ഡി) വെള്ളിനേഴി കലാഗ്രാമവുമായി ബന്ധപ്പെട്ട് ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന സാംസ്കാരിക സമുച്ചയം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടു കൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |

Anuradha

**സെക്ഷൻ ഓഫീസർ**